
# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ബനഡിക്റ്റ് (പാശ്ചാത്യ സന്ന്യാസത്തിന്റെ പിതാവ്)



ജനനം: എ.ഡി. 480 നോടടുത്ത്
സ്ഥലം: ഇറ്റലിയിലെ നൂർസിയ
മരണം: എ.ഡി. 547 മാർച്ച് 21
വിശുദ്ധപദവി: 1220-ൽ ഹൊണോറിയസ് മാർപാപ്പ

ദക്ഷിണ ഇറ്റലിയിലെ നൂർസിയാ പട്ടണം. റോമാ, അൻതോന എന്നീ നഗരങ്ങൾക്ക് മധ്യത്തിലുള്ള ഉമ്രേൻ പ്രോവിൻസിലാണ് ഈ പട്ടണം. ആ പട്ടണത്തിലെ ഉന്നതപദവിയിലുള്ള ഒരു കുടുംബം. അനീചിയൂസ് ഏവുപ്രോപിയ എന്നാണ് അവിടുത്തെ കുടുംബനാഥന്റെ പേര്. അദ്ദേഹത്തിന്റെ ഭാര്യ അബുൻദാൻ സീയ. ദൈവവിശ്വാസത്തിൽ അടിയുറച്ച ഒരു കുടുംബമായിരുന്നു ഇത്. അനീചിയൂസ് പരോപകാരപ്രവൃത്തിയിൽ മുൻപന്തിയിലായിരുന്നെങ്കിൽ സീയ ഈശ്വരഭക്തിയിൽ ഒരു പടികൂടി മുമ്പിലായിരുന്നു. ഇവർ രണ്ടുപേരും കൂടി കുടുംബത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അദ്ധ്വാനിച്ചു. ദൈവത്തിൽ ആശ്രയിച്ചും ദൈവത്തോട് ആലോചന ചോദിച്ചും അവർ ഒരുമിച്ചുമുന്നേറി. ഇവരുടെ ജീവിതവിശുദ്ധിയും പരസ്നേഹപ്രവൃത്തിയും മതതീക്ഷ്ണതയും രണ്ട് വിശുദ്ധരെ തിരുസഭയ്ക്ക് സമ്മാനിക്കുവാൻ ഇടവരുത്തി.

### ബനഡിക്റ്റിന്റെ ജനനം

എ.ഡി.480-നോടടുത്ത് അനീചിയൂസിന്റെയും സീയയുടെയും ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ആദ്യപുഷ്പമാണ് ബനഡിക്റ്റ്. അതിനുശേഷം സ്ക്കൊളാസ്റ്റിക്കാ എന്ന് പേരായ ഒരു മകൾകൂടി ഇവർക്കു ജനിച്ചു. സന്താനങ്ങളെ സന്മാർഗ്ഗനിഷ്ഠയിലും പുണ്യങ്ങളിലും വളർത്തുവാൻ മാതാപിതാക്കൾ ശ്രദ്ധിച്ചു. ലോകത്തെ മുഴുവൻ ഞെട്ടിച്ച സംഭവമായിരുന്നു ആ നൂറ്റാണ്ടിൽ സംഭവിച്ച റോമിന്റെ പതനം. അപരിഷ്കൃതരും, കിരാതരുമായ ഒരു കവർച്ചാസംഘം റോമൻസാമ്രാജ്യത്തെ ഛിന്നഭിന്നമാക്കാൻ തുടങ്ങി. എ.ഡി.410 ന്റെ മധ്യത്തോടെ കിരാതരായ ഈ ഹൂണന്മാർ ഇറ്റലി, റോം തുടങ്ങിയ സ്ഥലങ്ങളിൽ വീണ്ടും കൊള്ളയും, കൊലയും തീവയ്പ്പും നടത്തി. ഈ രാഷ്ട്രീയ ശിഥിലീകരണസമയത്താണ് ദൈവശാസ്ത്രപരമായ പ്രശ്നങ്ങളും സഭയിൽ ഉയർന്നത്. ആത്മാവിന്റെ പാപവിമുക്താവസ്ഥയെ സംബന്ധിച്ച് വിശ്വാസികളുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടായി. അവർ സഭയെ തള്ളിപ്പറഞ്ഞ് പാഷണ്ഡികളോട് ചേർന്നു. എന്നാൽ ഇതിലൊന്നും അകപ്പെടാതെ ഈ കുടുംബം ദൈവസന്നിധിയിൽ നീതിയോടെ ജീവിച്ചു.

## ബാല്യകാലം

അക്കാലത്ത് ഇന്നത്തേതുപോലുള്ള വിദ്യാഭ്യാസരീതികൾ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും തങ്ങളുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുവാൻ മാതാപിതാക്കൾ ഉത്സാഹിച്ചു. നൂർസിയാസിൽ അതിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. അതിനാൽ തങ്ങളുടെ മകനെ റോമാനഗരത്തിലേയ്ക്ക് അയയ്ക്കുവാൻ അവർ തീരുമാനിച്ചു. കത്തോലിക്കാവിശ്വാസികൾ ധാരളമുള്ള ടൈബർ നദീതീരത്ത് ഒരു വീട് വാടകയ്ക്ക് എടുത്തു. ബനഡിക്റ്റിനെ നല്ലതുപോലെ പഠിപ്പിക്കാനും നല്ല ശിക്ഷണത്തിൽ വളർത്തുവാനും വേണ്ടി കഴിവും ഭക്തിയുള്ളവളുമായ 'സിറില്ലാ' എന്ന സ്ത്രീയേയും നിയമിച്ചു. അവൾക്ക് തന്റെ കുഞ്ഞിന്റെമേൽ മാതൃസഹജമായ എല്ലാ അധികാരവും കൊടുത്തു. സിറില്ലായുടെ കീഴിൽ പത്തുവയസ്സുകാരന്റെ പഠനം പുരോഗമിച്ചു. സിറില്ലായുടെ സംരക്ഷണത്തിലായിരുന്നതുകൊണ്ട് കൗമാരത്തിന്റെ ചാപല്യങ്ങളിലേക്കൊന്നും വഴുതിവീഴാൻ ബനഡിക്റ്റിന് ഇടയായില്ല. അത്രയ്ക്കും വിലപ്പെട്ടതായിരുന്നു ഈ

## പോറ്റമ്മയുടെ ശിക്ഷണം.

ബനഡിക്റ്റ് ജന്മനാതന്നെ ശാന്തപ്രകൃതക്കാരനായിരുന്നു. എങ്കിലും അവനിൽ അസാധാരണമായ പ്രതിഭാവിലാസം നിഴലിച്ചിരുന്നു. ചെറുപ്പം മുതൽതന്നെ അടിയുറച്ച വിശ്വാസം, സഭാസ്നേഹം, ധ്യാനചിന്ത, പരസ്നേഹം എന്നീ പുണ്യങ്ങൾ അവനിൽ കണ്ടുതുടങ്ങി. മാതാപിതാക്കളുടെ മാതൃകയും, ഇപ്പോഴത്തെ വളർത്തമ്മയുടെ സ്നേഹവാത്സല്യവും കൂടി ലഭിച്ചപ്പോൾ അത് ഒരു വിശുദ്ധനിലേയ്ക്കുള്ള വളർച്ചയുടെ തുടക്കമാണ് എന്ന്, അന്നാരും കരുതിക്കാണില്ല. അങ്ങനെ ബനഡിക്റ്റ് അറിവിലും പുണ്യത്തിലും വളരാൻ തുടങ്ങി.

## പരിശുദ്ധ അമ്മയ്ക്കരികെ

ചെറുപ്പം മുതൽ മരിയഭക്തി അവനിൽ നിറഞ്ഞുനിന്നിരുന്നു. അവന്റെ മുറിയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ഒരു തിരുസ്വരൂപം അവൻ വച്ചിരുന്നു. ദിവസവും ഈ രൂപത്തിൽ പുഷ്പമാല ചാർത്തി ദീപം തെളിച്ച് അമ്മയ്ക്കരികെ സ്രാഷ്ടാംഗം പ്രണമിച്ച് അവൻ പ്രാർത്ഥിക്കുമായിരുന്നു. മലാഖമാരുടെ രാജ്ഞിയോട് പ്രാർത്ഥിക്കാത്ത ഒരൊറ്റ ദിനംപോലും അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. അങ്ങനെ കർത്തൃഭക്തിയിലും, മാതൃഭക്തിയിലും അവൻ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചു. അവന്റെ ഉള്ളിൽ ദൈവത്തെ സേവിക്കുവാനുള്ള ആഗ്രഹം ശക്തമായി.

## കുട്ടികളേ,

എല്ലാ ദിവസവും ഒരു അൻപത്തിമൂന്ന്മണി ജപമാലയെങ്കിലും നിങ്ങൾ വ്യക്തിപരമായി ചൊല്ലണം. അത് അഭിവൃദ്ധിയിലേയ്ക്കുള്ള ഒരു തുടക്കമാണ്. മാതാവിന്റെ നാമധേയമുള്ള ഒരു വെഞ്ചരിച്ച ജപമാലയോ ഉത്തരീയമോ നിങ്ങൾ ശരീരത്തിൽ ധരിക്കുകയുംചെയ്യുക. അത്കാണുമ്പോൾ പിശാച് നിങ്ങളെവിട്ട് ഓടിപൊയ്ക്കൊള്ളും.

## ഒരു ഒളിച്ചോട്ടം

ബനഡിക്റ്റിന്റെ ഹൃദയം ദൈവത്തിനായി ദാഹിച്ചു. ചുറ്റും നടക്കുന്ന മ്ലേച്ഛതയിൽ നിന്ന് ഓടിയകലാൻ അവന്റെ ഹൃദയം വെമ്പൽകൊണ്ടു. തന്റെ ആത്മാവിനെ കറകൂടാതെ സൂക്ഷിക്കേണ്ടത് ഈ അവസരത്തിൽ അത്യാവശ്യമാണെന്ന് അവന് തോന്നി. ദൈവസാന്നിദ്ധ്യത്തിൽ മുഴുകുവാൻ ഏതെങ്കിലും വനത്തിൽപോയി ഏകാന്തതയിൽ ധ്യാനനിമഗ്നനായിരിക്കുവാൻ അവൻ നിശ്ചയിച്ചു. പക്ഷേ അതിന് ഇപ്പോൾ ഒരു തടസ്സം. തന്നെ പരിശുദ്ധിയിൽ വളർത്താൻ സഹായിച്ച സിറില്ലായുടെ അനുമതിവേണം. ബനഡിക്റ്റ് തന്റെ മനോഗതം സിറില്ലായെ അറിയിച്ചു. മാതാപിതക്കളെ വിട്ട് ഒരു താപസനെപ്പോലെ വനത്തിലേക്ക് ചേക്കേറുന്നത് അധാർമികമാണെന്ന് അവൾ വാദിച്ചു. എന്നാൽ ദൈവത്തിനായി എരിഞ്ഞുതീരണം എന്ന ചിന്തയോടെ നിൽക്കുന്ന ബനഡിക്റ്റിന്റെ മുമ്പിൽ സിറില്ലായുടെ വാക്കുകൾ ഒന്നും വിലപ്പോയില്ല.

## സുബ്യാക്കോ വനത്തിലേയ്ക്ക്

ബനഡിക്റ്റ് പഠനം ഉപേക്ഷിച്ച് റോമാനഗരത്തിൽനിന്ന് ഇറങ്ങി. സിറില്ലാ നിശ്ശബ്ദയായി അവനെ അനുഗമിച്ചു. കരിമ്പാറക്കൂട്ടങ്ങളും മലഞ്ചെരിവുകളും താണ്ടി സുബ്യാക്കോ പർവ്വതതാഴ്വരയിലെത്തി. റോമാപട്ടണത്തിൽനിന്ന് ഏകദേശം നാല്പത് മൈൽ ദൂരം ഉണ്ട് അങ്ങോട്ടേയ്ക്ക്. ധ്യാനിക്കുവാൻ പറ്റിയ സ്ഥലം. അപരിഷ്കൃതരായ ഒരു കൂട്ടം ആദിവാസികളാണ് അവിടെ താമസിച്ചിരുന്നത്. ബനഡിക്റ്റ്

അവരുമായി പരിചയപ്പെട്ടു. തങ്ങളുടെ കാട്ടിൽ എത്തിയ നവാഗതർക്ക് അവർ സ്വാഗതമരുളി. സിറില്ലായോടൊപ്പം കുറെനാൾ അവിടെ താമസിച്ചു. തൊട്ടടുത്ത ഗ്രാമത്തിൽ ഒരു ദേവാലയം ഉണ്ടായിരുന്നു. അവിടെപ്പോയി പ്രാർത്ഥിക്കുവാൻ അവസരം കിട്ടിയതോടുകൂടെ അവൻ അതീവതൃപ്തനായി.

## ഉടഞ്ഞ കുടത്തിന്റെ അത്ഭുതം

വനവാസം സന്തോഷത്തോടെ നയിക്കുന്ന അവസരം. ആദിവാസി കുടുംബത്തിൽ നിന്ന് സിറില്ലാ ഒരു മൺകുടം കടം വാങ്ങിയിരുന്നു. അത് കഴുകി വൃത്തിയാക്കുന്ന സമയം പാത്രം കയ്യിൽ നിന്നു താഴെവീണ് ഉടഞ്ഞുപോയി. പൊട്ടിയ കളിമൺ കട്ടകൾ കണ്ട് സിറില്ല കരയാൻ തുടങ്ങി. ശബ്ദം കേട്ട് ബനഡിക്റ്റ് ഓടിയെത്തി. കാര്യങ്ങൾ മനസ്സിലാക്കിയ അവൻ സിറില്ലായെ ആശ്വസിപ്പിച്ചു. അതിനുശേഷം ഉടഞ്ഞ പാത്രകഷണങ്ങൾ പെറുക്കി എടുത്ത് പ്രാർത്ഥനാമുറിയിലേക്ക് പോയി. സിറില്ലായും അവനെ അനുഗമിച്ചു. പൊട്ടിയ പാത്രകഷണങ്ങൾ മുമ്പിൽ വച്ച് അവൻ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചു. പ്രാർത്ഥനകഴിഞ്ഞ് പൊട്ടിയകഷണങ്ങൾ ചേർത്തുവച്ചതും അത് പഴയകുടമായി രൂപാന്തരപ്പെട്ടതും ഒന്നിച്ചായിരുന്നു. സിറില്ല ഈ വാർത്ത ആദിവാസികളെ മുഴുവൻ അിറയിച്ചു. അവർ കൂടുതൽ ബഹുമാനത്തോടും ആദരവോടുംകൂടെ ബനഡിക്റ്റിനോട് പെറുമാറാൻ തുടങ്ങി. അവർ ആ കുടം ആഘോഷപൂർവ്വം ദേവാലയത്തിലേക്ക് കൊണ്ടുവന്ന് അവിടെ പ്രതിഷ്ഠിച്ചു. ജനത്തിന്റെ ഇടയിൽ തന്റെ പ്രശസ്തി വർദ്ധിക്കുന്നു കണ്ട് ബനഡിക്റ്റ് ഭയപ്പെട്ടു. അതിനാൽ അവരിൽനിന്ന് ഓടിയൊളിക്കാൻ അദ്ദേഹം ആഗ്രഹിച്ചു.

## സിറില്ലായെ ഉപേക്ഷിച്ച് ഗുഹയിലേയ്ക്ക്

ജനത്തിൽനിന്ന് അകന്ന് നിൽക്കാൻ ആഗ്രഹിച്ച ബനഡിക്റ്റിന്റെ മുമ്പിൽ സിറില്ല ഒരു തടസ്സമായി തോന്നി. അതിനാൽ തന്റെ പോറ്റമ്മയെ പരിത്യജിക്കാൻ തന്നെ തീരുമാനിച്ചു. ഒരു രാത്രി എങ്ങോട്ടെന്നില്ലാതെ അവൻ ഇറങ്ങിത്തിരിച്ചു. പ്രഭാതത്തിൽ ഉണർന്ന സിറില്ല ബനഡിക്റ്റിനെ കാണാതെ വിഷമിച്ചു. അപ്രത്യക്ഷനായ വിവരം പിതാവിനെ അവൾ അറിയിച്ചു. അവർ ഏറെ സങ്കടപ്പെട്ടു. പലയിടങ്ങളിലും അന്വേഷിച്ചു. എന്നാൽ നിരാശയായിരുന്നു ഫലം. വീട് വിട്ടിറങ്ങിയ ബനഡിക്റ്റിന്റെ മുമ്പിൽ ഏകാന്തവാസമല്ലാതെ മറ്റൊരു ചിന്തയും ഇല്ലായിരുന്നു. അവസാനം മലയിടുക്കിലുള്ള ഒരു ഗുഹയിൽ എത്തി. അവിടെ ധ്യാനിക്കുവാൻ പറ്റിയ സാഹചര്യമായിരുന്നു. പുറത്തു നിന്ന് ആരും അവിടെ വരാറില്ല. അദ്ദേഹം താമസം ആ ഗുഹയിലാക്കി. ഒരിക്കൽ വനത്തിലൂടെ നടക്കുമ്പോൾ തപോധനനായ 'റൊമുളൂസ്' എന്ന ആശ്രമാധിപനെ കണ്ടുമുട്ടി. അദ്ദേഹം തന്റെ ശിഷ്യരൊത്ത് ആ മലഞ്ചെരിവിൽ താമസിക്കുകയാണ്. ബനഡിക്റ്റിന്റെ ഹൃദയശുദ്ധി മനസ്സിലാക്കിയ റൊമുളൂസ് ബനഡിക്റ്റിന്റെ ഭക്ഷണകാര്യങ്ങളുടെ ചുമതല ഏറ്റെടുത്തു. അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഭക്ഷണസാധനങ്ങളുമായി ഗുഹാമുഖത്ത് എത്തി. കിഴക്കാംതൂക്കായ പാറക്കെട്ടിനുള്ളിലൂടെ അകത്ത് പ്രവേശിക്കാൻ അവർക്ക് സാധിച്ചില്ല. അതിനാൽ അവർ മുകളിൽ നിന്ന് ഭക്ഷണസാധനങ്ങൾ കയറിൽ കെട്ടി താഴേയ്ക്ക് ഇറക്കിക്കൊടുത്തു. ഗുഹാമുഖത്ത് റൊമുളൂസിന്റെ നിർദ്ദേശപ്രകാരം ഒരു മണിയും സ്ഥാപിച്ചു. എന്തെങ്കിലും ആവശ്യം വന്നാൽ ആ മണി നീട്ടിയടിച്ചാൽ തന്റെ ശിഷ്യർ വന്ന് സഹായിച്ചുകൊള്ളുമെന്ന് അദ്ദേഹം അറിയിച്ചു. മൂന്നു സംവത്സരം അദ്ദേഹം ഈ ഗുഹയിൽ പാർത്തു. ഒന്ന് സംസാരിക്കാനോ തന്റെ ആഗ്രഹം എന്തെന്ന് തുറന്ന് പറയാനോ ആരും ഇല്ല. ചുറ്റും വന്യമൃഗങ്ങളും, ഇഴജീവികളും. കൊടുംചൂടിലും കടുത്ത തണുപ്പിലും അദ്ദേഹം ഈ ഗുഹയിൽതന്നെ ജീവിച്ചു. പുതയ്ക്കാൻ കമ്പിളി ഇല്ല. വായിക്കാൻ പുസ്തകങ്ങളില്ല. അങ്ങനെ കഠിനതപശ്ചര്യകളിലേക്ക് അവൻ നീങ്ങി.

## മുൾപടർപ്പിൽ

ഇപ്പോൾ വയസ്സ് വെറും പതിനാല്. കഠിനമായ തപശ്ചര്യകൾക്കിടയിൽ ചില പാപപ്രലോഭനങ്ങളും അലട്ടാൻ തുടങ്ങി. ഇഷ്ടഭക്ഷണത്തോടുള്ള ആർത്തി വർദ്ധിച്ചു. ഈ ജീവിതത്തിന് അർത്ഥമില്ലായെന്ന ചില തോന്നലുകളും. അപ്പോഴെല്ലാം അദ്ദേഹത്തെ പിടിച്ചുനിർത്തിയത് തന്റെ കയ്യിൽ വിലപ്പെട്ടതായി കരുതിവച്ചിരുന്ന ക്രൂശിതരൂപം മാത്രം. ക്രൂശിതന്റെ മുഖത്തുനോക്കി എളിമ, അനുസരണം, വിശുദ്ധി, സഹനം എന്നീ പുണ്യങ്ങൾ അവൻ അഭ്യസിച്ചു. യൗവ്വനത്തിലേക്ക് കാൽ എടുത്തുവെച്ച അവന് ശക്തമായ പാപപ്രലോഭനങ്ങൾ നേരിടേണ്ടിവന്നു. പണ്ട് റോമിൽവച്ച് കണ്ട സുന്ദരിയായ പെൺകുട്ടിയുടെ മുഖം മനസ്സിൽനിന്ന് ഇപ്പോഴും മായാതെ കിടക്കുന്നു. ഈ സന്യാസം ഉപേക്ഷിച്ച് അവളുടെകൂടെ പോയാലോ എന്നുവരെ അദ്ദേഹം ചിന്തിച്ചു. അപ്പോഴെല്ലാം ക്രൂശിതനെ മുറുകെപ്പിടിച്ച് പാപപ്രലോഭനത്തെ അതിജീവിച്ചു. ഒരു ദിവസം ഈ ആഗ്രഹം ശക്തമായി. മ്ലേച്ഛചിന്തകൾ ഉണർന്നു.

ലൈംഗികാഭിനിവേശം ശക്തമായി. അവളെ തേടിപിടിക്കാൻ മനസ്സ് വെമ്പൽകൊണ്ടു. എന്നാൽ ഉള്ളിലിരുന്ന് ദൈവാത്മാവ് അദ്ദേഹത്തെ നേർവഴിക്ക് നയിച്ചു. ഏതാനും നിമിഷങ്ങൾക്കകം ബനഡിക്റ്റ് സ്വസ്ഥത കൈവരിച്ചു. ബനഡിക്റ്റ് തന്റെ തെറ്റിന് പ്രായശ്ചിത്തം ചെയ്യുവാൻ ആഗ്രഹിച്ചു. ഗുഹയിൽനിന്ന് പുറത്തുകടന്നു. വസ്ത്രങ്ങൾ ഊരിമാറ്റി. തുടർന്ന് ഉയരത്തിൽ നിന്ന് അടുത്തുള്ള മുൾപടർപ്പിലേക്ക് എടുത്തു ചാടി. ശരീരം മുഴുവൻ മുറിഞ്ഞ് രക്തം വാർന്ന് ഒഴുകുന്നതുവരെ അതിൽ കിടന്ന് ഉരുളാൻ തുടങ്ങി. അവിടെ നിന്ന് എഴുന്നേറ്റത് ഒരു പുതിയ മനുഷ്യനായിട്ടായിരുന്നു. അതിനുശേഷം ഒരിക്കലും ലൈംഗികമായ തൃഷ്ണ അദ്ദേഹത്തെ അലട്ടിയിട്ടില്ല. മാത്രമല്ല ആ പെൺകുട്ടിയുടെ രൂപം മനസ്സിൽനിന്ന് മായുകയും ചെയ്തു.

### കുട്ടികളേ,

പാപപ്രലോഭനങ്ങളും ദുർചിന്തകളും ഉണ്ടാകുമ്പോൾ തീഷ്ണമായ പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും നിങ്ങൾ അതിനെ കീഴടക്കണം. പാപം ചെയ്യാതിരിക്കാൻ വചനം ഹൃദയത്തിൽ സൂക്ഷിക്കുകയും അവ ആവർത്തിച്ച് ഉരുവിടുകയും ചെയ്യണം. ബനഡിക്റ്റിൽ ലൈംഗികാഭിനിവേശം വളർത്തി അവനെ പുറത്താക്കാമെന്നുള്ള ആഗ്രഹവുമായി നടന്ന സാത്താന് ഇത് സഹിച്ചില്ല. കലിപൂണ്ട അവൻ ഗുഹാമുഖത്തെ മണി പൊട്ടിച്ചെറിഞ്ഞു. അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ചു. എന്നാൽ ബനഡിക്റ്റിന്റെ ശക്തമായ ദൈവാശ്രയം പൈശാചികോദ്യമങ്ങളെ വിഫലമാക്കി.

### ആട്ടിടയർ ബനഡിക്റ്റിനെ കണ്ടെത്തുന്നു.

വർഷങ്ങൾ കടന്നുപോയി. ഒരു ദിവസം കുറച്ച് ആട്ടിടയന്മാർ ആടുകളെ മേയ്ച്ച് വനത്തിനുള്ളിലെത്തി. യാദൃച്ഛികമായി അവർ ബനഡിക്റ്റിനെ കണ്ടു. അവർ ഞെട്ടിപ്പോയി. വന്യമൃഗത്തെപോലെ ഒരു ജീവി. അതിന്റെ വേഷഭൂഷാദികൾ എല്ലാം കാട്ടുമനുഷ്യന്റേത. ് എന്നാൽ ബനഡിക്റ്റ് അവരോട് സംസാരിച്ചു. ഒരു ദിവ്യനായ മനുഷ്യനാണ് തങ്ങളുടെ മുമ്പിൽ നിൽക്കുന്നതെന്ന് അല്പസമയം കൊണ്ട് അവർ മനസ്സിലാക്കി. അവർ ഗ്രാമത്തിൽ തിരിച്ചെത്തി ഈ ദിവ്യപുരുഷനെപ്പറ്റി മറ്റുള്ളവരോട് പറഞ്ഞു. ജനം കൂട്ടംകൂട്ടമായി പർവ്വതശിഖിരം ലക്ഷ്യമാക്കി ഇറങ്ങി പുറപ്പെട്ടു. ബനഡിക്റ്റ് അവരെ അനുഗ്രഹിക്കുകയും അവരുടെ ആത്മീയകാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തു. ആട്ടിടയന്മാരുമായുള്ള കൂടികാഴ്ച ബനഡിക്റ്റ് എന്ന സന്യസിയെപ്പറ്റി പുറം ലോകം അറിയുവാൻ ഇടയാക്കി. അദ്ദേഹത്തിന്റെ വ്രതനിഷ്ഠ പ്രസിദ്ധമായി. പുറം ലോകത്തിന് പരിചയപ്പെടുത്തേണ്ട സമയവും സമാഗതമായി.

### ആബട്ട് പദവി യൂറോപ്പിന്റെ സംരക്ഷകൻ

എ.ഡി.520- വീക്കോവരോ സന്യാസഭവനത്തിന്റെ ആബട്ട് നിര്യാതനായി. അവർ ഒരു പുതിയ അധിപനെ തിരഞ്ഞെടുക്കുന്നതിനെപ്പറ്റി ചർച്ചകൾ ആരംഭിച്ചു. അവസാനം ചർച്ചകൾ പോയിനിന്നത് ബനഡിക്റ്റ് സന്യാസിയിലായിരുന്നു. ബനഡിക്റ്റ് ചിന്താക്കുഴപ്പത്തിലായി. ഏകാന്തവാസവും, ധ്യാനനിരതമായ ജീവിതവും ഉപേക്ഷക്കേണ്ടിവരും. ഒത്തിരി പ്രാർത്ഥിച്ചതിനുശേഷം അദ്ദേഹം ഒരു തീരുമാനത്തിലെത്തി. 'ആബട്ട്' പദവി സ്വീകരിക്കുകതന്നെ. അങ്ങനെ അദ്ദേഹം അവരുടെ അധിപനായി. ഉത്തരവാദിത്തം ഏറ്റെടുക്കുന്ന സമയം അവിടുത്തെ സന്യാസികൾ അച്ചടക്കമില്ലാത്തവരും, ചട്ടങ്ങൾ അനുസരിക്കാത്തവരുമായിരുന്നു. അദ്ദേഹം നിയമങ്ങൾ കർക്കശമാക്കി. സ്വതന്ത്രവിഹാരം വിലക്കി. ദാരിദ്ര്യ വ്രതം എടുക്കാൻ അവരെ നിർബന്ധിച്ചു. ഏതാനും നാളുകൾക്കിടയിൽ സന്യാസിമാരുടെ ജീവിതത്തിൽ അടുക്കും ചിട്ടയും ഉണ്ടായി. എന്നാൽ ചിലർക്കെങ്കിലും ഈ നവീകരണ പദ്ധതി ഉൾകൊള്ളാൻ സാധിച്ചില്ല. അവർ ഇത് ഒരു ശാപമായി കരുതി തങ്ങളുടെ ആബട്ടിനെ വധിക്കാൻ വരെ ശ്രമിച്ചു.

### വിഷം കലർന്ന ഭക്ഷണം

ബനഡിക്റ്റിന്റെ നിയമസംഹിതയുടെ കാഠിന്യം ചില സന്യാസിമാർക്ക് ദഹിച്ചില്ല. അവർ അദ്ദേഹത്തെ വധിക്കുവാൻ തീരുമാനമെടുത്തു. ഭക്ഷണത്തിൽ വിഷം കലർത്തി കൊല്ലുകയെന്നതായിരുന്നു തീരുമാനം. മുൻകൂട്ടി നിശ്ചയിച്ചപ്രകാരം ഭക്ഷണസമയത്ത് ഒരു സന്യാസി വിഷം ചേർത്ത പാനീയവുമായി വന്ന് ഉപചാരപൂർവ്വം ബനഡിക്റ്റിന് നീട്ടി. ബനഡിക്റ്റ് ആ വെള്ളത്തിനു മുകളിൽ കുരിശടയാളം വരയ്ക്കുകയും തൽക്ഷണം പാനീയപാത്രം തകർന്ന് നിലംപൊത്തുകയും ചെയ്തു. ഇത് കണ്ട സന്യാസികൾ ഭയവിഹ്വലരായി. "സഹോദരരേ അനന്തകാരുണികനായ ദൈവം നിങ്ങളുടെ അപരാധം ക്ഷമിക്കട്ടെ" എന്ന് മാത്രം അദ്ദേഹം ഈ സംഭവത്തോട് പ്രതികരിച്ചു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ ബനഡിക്റ്റ, ് സന്യാസികളെ ഒരുമിച്ചുകൂട്ടി ഇപ്രകാരം പറഞ്ഞു. നിങ്ങളുടെയും എന്റേയും വഴികൾ

വ്യത്യസ്തമാണ്. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു ആബട്ടിനെ തിരഞ്ഞെടുത്തുകൊള്ളുക.''ആശ്രമത്തിന്റെ മാഠാധിപസ്ഥാനം ഞാൻ ഉപേക്ഷിക്കുകയാണ്''. ബനഡിക്റ്റ് തിരികെ കാട്ടിലെ ഏകാന്ത വാസസ്ഥലത്തേക്ക് മടങ്ങി.

## ബനഡിക്റ്റൻ ആശ്രമങ്ങൾ രൂപം കൊള്ളുന്നു

ബനഡിക്റ്റിന്റെ ജീവിതശൈലി അനേകരെ ആകർഷിച്ചു. ആശ്രമത്തിൽ സന്ദർശകരും അനുയായികളും പെരുകി. അനേകം പേർ ശിഷ്യത്വം സ്വീകരിച്ചു. അവരെ പന്ത്രണ്ടു പേരടങ്ങുന്ന ചെറിയ സംഘങ്ങളായി വിഭജിച്ചു. ഒൻപത് വർഷം കൊണ്ട് കുന്നിൻ ചെരിവിൽ അനേകം ആശ്രമങ്ങൾ ഉയർന്നു. ഓരോ ആശ്രമത്തിനും പ്രത്യേകം അധിപന്മാരെയും നിയമിച്ചു. അവർക്കായി നിയമങ്ങൾ ഉണ്ടാക്കി. അവർ ബനഡിക്റ്റിനെ ഒരു വിശുദ്ധനായി കണ്ടു. ഈ ശിഷ്യന്മാരാണ് ബനഡിക്റ്റൻ സഭയുടെ പ്രഥമ സന്താനങ്ങൾ.

## പാശ്ചാത്യസന്ന്യാസികളുടെ പിതാവ്

ബനഡിക്റ്റിന്റെ ജീവിതകാലത്ത് ആശ്രമങ്ങൾ പെരുകാൻ തുടങ്ങി. അതിലെ അംഗങ്ങൾ ഒരു കുടുംബംപോലെ കഴിഞ്ഞു. അവർ ഒരുമിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. അവരിൽ വൈദികരും പണ്ഡിതരും സാധാരണക്കാരും ഒക്കെ ഉണ്ടായിരുന്നു. ദിവസവും ഏഴു പ്രാവശ്യം അവർ പ്രാർത്ഥനയ്ക്കായി ഒരുമിച്ചു ചേരണം. ഇതിന് ഇടയ്ക്കുള്ള സമയം കാർഷികവൃത്തിക്കോ, ഗാർഹിക ജോലികൾക്കോ ഉപയോഗിക്കാം. ഇതിനിടയിൽ ഭക്ഷണത്തിനും പഠനത്തിനും വായനയ്ക്കും സമയമുണ്ട്. അർദ്ധരാത്രി കഴിഞ്ഞാലുടൻ ഈ സന്ന്യാസികളുടെ ഒരു ദിവസം ആരംഭിക്കുകയായി. രാത്രി ഒൻപത് മണിയോടെ സമാപിക്കുകയും ചെയ്യും. ഈ കഠിനതപശ്ചര്യയിലൂടെ ബനഡിക്റ്റ് പാശ്ചാത്യസന്ന്യാസികളുടെ പിതാവായി.

## അത്ഭുതപ്രവർത്തനം

ബനഡിക്റ്റൻ സന്ന്യാസിമാർ മലമ്പ്രദേശത്തുള്ള ആശ്രമങ്ങളിൽ താമസിച്ചിരുന്നു. അവർക്ക് കുടിവെള്ളം ഇല്ലായിരുന്നു. താഴ്വരയിൽനിന്ന് അവിടെ വെള്ളം എത്തിക്കുക എത്തിക്കുക പ്രയാസകരമായിരുന്നു. ശിഷ്യസമൂഹം തങ്ങളുടെ വിഷമം ഗുരുവിനെ അിറയിച്ചു. അദ്ദേഹം എല്ലാം ശ്രദ്ധാപൂർവ്വം കേട്ടു. അന്ന് രാത്രി എല്ലാവരും ഉറങ്ങുന്ന സമയം ബനഡിക്റ്റ് തന്റെ വിശ്വസ്തനായ ഒരു ശിഷ്യനെയും കൂട്ടി മലമുകളിൽ എത്തി. ഒരു നല്ല സ്ഥലം കണ്ടെത്തി അവിടെ മുട്ടുകുത്തി ദൈവത്തിന്റെ കാരുണ്യത്തിനായി പ്രർത്ഥിച്ചു. അതിനുശേഷം മൂന്നു വലിയ കല്ലുകൾ ചേർത്തുവച്ച് അവർ തിരിച്ച് പോന്നു. പിറ്റേന്ന് പ്രഭാതത്തിൽ സന്ന്യാസികളോട് മലമുകളിലുള്ള ഈ കല്ലുകളുടെ ഇടയിൽ ഒരു സുഷിരം ഉണ്ടാക്കാൻ പറഞ്ഞയച്ചു. അവർ ഗുരു പറഞ്ഞതുപോലെ ചെയ്തു. ഉടൻ തന്നെ ഒരു കൊച്ചരുവി അവിടെ നിന്ന് ഉത്ഭവിച്ചു.

## പ്രഭുകുമാരന്മാരുടെ പരിശീലനം

സുബ്യാക്കോയിലെ ബനഡിക്റ്റിന്റെ ജീവിതം അനേകരെ ആകർഷിച്ചുകൊണ്ടിരുന്നു. ഒരിക്കൽ മൂന്ന് പ്രഭുക്കന്മാർ ബനഡിക്റ്റിനെ സന്ദർശിക്കാൻ തീരുമാനിച്ചു. ആശ്രമത്തിൽ എത്തിയ ഇവർക്ക് അവിടുത്തെ അന്തേവാസികളുടെ ജീവിതം ഒത്തിരി ഇഷ്ടമായി. മൗനവ്രതത്തിന്റേയും ഏകാന്തധ്യാനത്തിന്റേയും ശൈലി അവരെ ഏറെ ആകർഷിച്ചു. തങ്ങൾ വിവാഹിതരായതിനാൽ ഈ ആശ്രമചൈതന്യം തങ്ങളുടെ മക്കൾക്കെങ്കിലും കിട്ടണമെന്ന് അവർ ആഗ്രഹിച്ചു. അവർ തങ്ങളുടെ പ്രിയ മക്കൾ മാവുരീസിനേയും തെർത്തുള്ളൂസിനേയും ബനഡിക്റ്റിനെ ഏൽപിച്ചു. അപ്പോൾ മാവുരീസിന് 12 ഉം തെർത്തുള്ളൂസിന് 7 ഉം വയസ്സ് പ്രായമായിരുന്നു. ബനഡിക്റ്റ് സന്തോഷത്തോടെ അവരെ സ്വീകരിച്ചു. അവർക്ക് നല്ല പരിശീലനം നല്കി. അങ്ങനെ അവർ ഗുരുവിനോളം വളർന്നു. വർഷങ്ങൾക്കുശേഷം ബനഡിക്റ്റ് സ്ഥാപിച്ച സഭയുടെ രണ്ട് നെടുംതൂണുകളായി ഇവർ മാറി. ഇവർ തങ്ങളുടെ പൈതൃകസ്വത്ത് ബനഡിക്റ്റിന് കൈമാറി.

## കാക്ക അപ്പം കൊത്തിയെടുക്കുന്നു

ബനഡിക്റ്റിന്റെ ആശ്രമത്തിനടുത്ത് ഫ്ളോറൻസ് എന്ന പേരായ ഒരാൾ ഉണ്ടായിരുന്നു. അയാൾ ബനഡിക്റ്റിനെതിരെ കുപ്രചരണം അഴിച്ചുവിട്ടു. അവർ കപടസന്ന്യാസികളാണെന്നും അലസന്മാരാണെന്നും അദ്ദേഹം പറഞ്ഞുപരത്തി. ഇന്നാൽ ഇതൊന്നും ജനത്തിന്റെ മുന്നിൽ വിലപ്പോയില്ല. അയാൾ ഏതുവിധേനയും ബനഡിക്റ്റിനെ അപായപ്പെടുത്താൻ ശ്രമിച്ചു. അതിനുവേണ്ടി

വിഷം കലർത്തിയ ഭക്ഷണം ബനഡിക്റ്റ് ഭക്ഷണം കഴിക്കാറുള്ള സ്ഥലത്തുവയ്ക്കുവാൻ ഏർപ്പാട് ചെയ്തു. ബനഡിക്റ്റ് ദിവ്യശക്തിയാൽ അത് മനസ്സിലാക്കി. ബനഡിക്റ്റ് ഒരു മലങ്കാക്കയെ വളർത്തുന്നുണ്ടായിരുന്നു. അത് കൃത്യസമയത്ത് അതിന്റെ ഭക്ഷണത്തിനായി എത്തി. വിശുദ്ധൻ കാക്കയോട് അപ്പം കൊത്തിയെടുത്ത് പർവ്വതത്തിന്റെ അഗ്രത്തിൽ കൊണ്ടുപോയി കളയാൻ അജ്ഞാപിച്ചു. ഉടൻ തന്നെ കാക്ക അപ്പം കൊത്തിയെടുത്തു പറന്നു. ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ കാക്ക സുരക്ഷിതമായി തിരിച്ചെത്തുകയും ചെയ്തു.

## ബനഡിക്റ്റ് സുബ്യാക്കോ വിടുന്നു

ഒരു വശത്ത് ബനഡിക്റ്റ് വിശുദ്ധിയുടെ പടവുകൾ ചവിട്ടി കയറുമ്പോൾ മറുവശത്ത് എതിർപ്പുകളും കൂടിവന്നു. എങ്കിലും അദ്ദേഹം എല്ലാം സഹിച്ചു, ക്ഷമിച്ചു. എന്നാൽ ഒരു പ്രത്യേക ഉൾവിളിയാൽ അവിടം വിടാൻ വിശുദ്ധൻ തീരുമാനിച്ചു. യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി. 35 വർഷം ദൈവവുമായി ഗാഢബന്ധം പുലർത്തിയ ആ സ്ഥലം ഉപേക്ഷിച്ച് മാലാഖ മുൻകൂട്ടിനൽകിയ കല്പനപ്രകാരം ഏതാനും സഹപ്രവർത്തകരോടൊരുമിച്ച് അദ്ദേഹം മൗണ്ട് കസ്സീനോയിലേക്ക് യാത്രയായി.

## ദുഷ്ടന്റെ പതനം

ബനഡിക്റ്റ് സുബ്യാക്കോ വിട്ടുപോകുന്നത് ദുഷ്ടനായ ഫ്‌ളോറൻസ് അറിഞ്ഞു. വിശുദ്ധന്റെ യാത്ര കാണാൻ അഹങ്കാരിയായ അദ്ദേഹം സ്വന്തം ഭവനത്തിന്റെ മുകൾ ഭാഗത്ത് നില ഉറപ്പിച്ചു. ബനഡിക്റ്റ് വരുന്നതു കണ്ടപ്പോൾ ആ നീചഹൃദയത്തിൽ സന്തോഷം അതിരുകവിഞ്ഞു. അദ്ദേഹം അവിടെ കിടന്ന് തുള്ളിച്ചാടി. പെട്ടെന്ന് അദ്ദഹം നിന്നിരുന്ന വീടിന്റെ ഭാഗം താഴോട്ട് അടർന്ന് വീഴുകയും അതിന്റെ അടിയിൽ കിടന്ന് ആ മനുഷ്യൻ അകാലമൃത്യു വരിക്കുകയും ചെയ്തു. ഈ സംഭവം നടക്കുമ്പോഴേയ്ക്കും വിശുദ്ധനും, കൂട്ടരും കുറെ മുൻപിൽ എത്തിയിരുന്നു. ശിഷ്യരിൽ ഒരാൾ ഓടിച്ചെന്ന് ഇക്കാര്യം ഗുരുവിനെ അറിയിച്ചു. തന്റെ ശത്രുവിന്റെ ചരമവാർത്ത ബനഡിക്റ്റിനെ വേദനിപ്പിച്ചു. അപ്പോൾതന്നെ അയാളുടെ നിത്യശാന്തിക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു.

## കുട്ടികളേ,

ഒരു ശത്രുവിന്റെയും നാശത്തിൽ നിങ്ങൾ സന്തോഷിക്കരുത്. മറിച്ച് അവരുടെ ആത്മാവ് നിത്യസമ്മാനത്തിന് അർഹരാകുവാൻ തീക്ഷണയോടെ പ്രാർത്ഥിക്കണം.

## മോന്തെകസ്സിനോയിൽ

യാത്രയുടെ അവസാനം അവർ മോന്തെകസ്സിനോയിൽ എത്തി. സുബ്യാക്കോവിൽനിന്ന് ഏകദേശം അറുപത് മൈൽ ദൂരത്താണ് മോന്തെകസ്സിനോ. ആൽപ്സ് പർവ്വതനിരകളുടെ ഒരു ശാഖയായി ഇത് അറിപ്പെടുന്നു. വേനൽകാലത്ത് അത്യുഗ്രമായ ചൂട്. ഒലിവ് മരങ്ങൾ ധാരാളമുള്ള പർവ്വനിര. അപരിഷ്കൃതരായ ഒരു കൂട്ടം ആളുകളാണ് അവിടെ താമസിച്ചിരുന്നത്. അവർ അപ്പോളോ ദേവനെ ആരാധിക്കുന്നവരായിരുന്നു. അവിടെ ദേവന്റെ ഒരു അമ്പലം ഉണ്ടായിരുന്നു. ദേവന്റെ പ്രീതിക്കായി അവർ നരബലി നടത്തിയിരുന്നു. വിശുദ്ധന്റെ ഹൃദയം ദൈവസ്നേഹത്താൽ എരിഞ്ഞു. അദ്ദേഹം അന്ധകാരത്തിൽ കഴിഞ്ഞ ജനത്തെ പ്രകശത്തിലേക്ക് നയിച്ചു. അവരെ മാനസാന്തരപ്പെടുത്തി. അവർക്ക് സുവിശേഷസത്യങ്ങൾ വിവരിച്ചുകൊടുത്തു. അവരുടെ വിഗ്രഹങ്ങളെ തല്ലിത്തകർത്തു. സ്ഥലം അഗ്നിക്ക് ഇരയാക്കി. ആ സ്ഥലത്ത് അദ്ദേഹം സത്യദൈവത്തിനായി ഒരു പുതിയ ആശ്രമം സ്ഥാപിച്ചു. കാലക്രമത്തിൽ ബനഡിക്റ്റൻ സഭയുടെ ആസ്ഥാനം ഈ ആശ്രമമായിത്തീർന്നു.

## മുറിവേറ്റ ബാലന്റെ സൗഖ്യം

ഒരിക്കൽ ആശ്രമപണി നടക്കുന്ന സമയം, ഈ ആശ്രമത്തിന്റെ ഒരു ഭാഗത്തുള്ള ഭിത്തി മറിഞ്ഞുവീണു. താഴെ ജോലി ചെയ്തുകൊണ്ടിരുന്ന ഒരു ബാലൻ ഈ കല്ലുകൾക്കടിയിൽപ്പെട്ടു. ഗുരുതരമായ പരിക്കേറ്റ അവനെ സഹപ്രവർത്തകർ ബനഡിക്റ്റിന്റെ അടുത്ത് എത്തിച്ചു. ബനഡിക്റ്റ് അവനെ സൂക്ഷിച്ചുനോക്കി. ശരീരമെല്ലാം കീറിമുറിഞ്ഞ് രക്തം വാർന്നൊഴുകുന്നു. അവൻ മരണത്തോട് അടുക്കുകയാണെന്ന് ബനഡിക്റ്റിന് മനസ്സിലായി. ഉടൻതന്നെ അദ്ദേഹം ബാലനെ നിലത്തുകിടത്തുവാൻ ആവശ്യപ്പെട്ടു. അതിനുശേഷം എല്ലാവരെയും അവിടെനിന്ന് പറഞ്ഞയച്ചു. തുടർന്ന് അവിടെ നിലത്ത് മുട്ടുകൾകുത്തി കണ്ണുകൾ ഉയർത്തി പിതാവിനോട് പ്രാർത്ഥിച്ചു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോഴേയ്ക്കും ബാലന്റെ രക്തസ്രാവം നിന്നു. അവന്റെ മുറിവുകൾ ഉണങ്ങി. അല്പം കഴിഞ്ഞപ്പോൾ ഉറക്കത്തിൽനിന്നെന്നപോലെ

അവൻ ഉണർന്നു. സുഖപ്പെട്ട ബാലനെ കണ്ട് ആശ്രമവാസികളും പരിസരവാസികളും ദൈവത്തെ സ്തുതിച്ചു.

## വിനയശീലത്തിന്റെ വേദപരാംഗതൻ

വിശുദ്ധ ബനഡിക്ട് തന്റെ ശിഷ്യർക്കായി ഉണ്ടാക്കിയ നിയമാവലി പിന്നീട് ഉണ്ടായ എല്ലാ സന്യാസസഭയ്ക്കുംതന്നെ മാർഗ്ഗദീപമായി പ്രശോഭിച്ചു. ക്രിസ്തീയ പൂർണ്ണതയിലേക്ക് വളരുവാൻ അദ്ദേഹം പന്ത്രണ്ട് പടികൾ ചവിട്ടികയറണമെന്ന് തന്റെ ശിഷ്യരോട് ഉപദേശിച്ചു. ആ പടികൾ താഴെ പറയുന്നവയാണ്.

1. അനുസരണം
2. ആത്മസംയമനം
3. ക്ലേശങ്ങൾ സഹിക്കാനുള്ള ക്ഷമ.
4. സ്വന്തം വികാരവിചാരങ്ങളുടെ വിനിമയം
5. നാം പാപികളാണെന്നുള്ള സ്വയം ബോദ്ധ്യം
6. നിരന്തര മൗനവ്രതം പരിശീലിക്കൽ
7. നമ്മുടെ അനന്യത ദൈവത്തിന് വിട്ടുകൊടുക്കൽ
8. ഏതു ജോലിയും എളിമയോടെ നിർവ്വഹിക്കൽ
9. അമിതസന്തോഷവും ആത്മസാഫല്യവും വർജ്ജിക്കൽ
10. സംഭാഷണത്തിൽ മിതത്വം- പെരുമാറ്റത്തിൽ വിനയം.
11. ദൈവത്തേയും അവിടുത്തെ നീതിവിധികളെയുംപറ്റിയുള്ള ഭീതിയും അനുതാപവും.
12. സ്വയം നീതികരിക്കാതെയും, അഹങ്കരിക്കാതെയുമുള്ള കർമ്മങ്ങളുടെ നിർവ്വഹണം.

എന്നിവയാണത്.

## സാത്താനെ തകർക്കുന്നു

ബനഡിക്ടിന്റെ കീർത്തി റോമിലും ഇറ്റലിയിലും അയൽപ്രദേശങ്ങളിലും വ്യാപിച്ചു. അദ്ദേഹം നാടുനീളെ ചുറ്റി സഞ്ചരിച്ച് സുവിശേഷം പ്രസംഗിച്ചു. അനേകരെ മാനസാന്തരപ്പെടുത്താൻവേണ്ടി തന്റെ താമസം അവരോടുകൂടെയാക്കി. ജനം കൂട്ടംകൂട്ടമായി ഈ വിശുദ്ധന്റെ അടുക്കലേയ്ക്ക് നീങ്ങി. ഒരിക്കൽ ശിഷ്യഗണം വലിയ ഒരു കുന്നിൻ മുകളിൽ ഒരു പുതിയ ആശ്രമത്തിന്റെ പണിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. കെട്ടിടം പണിയുന്നതിനുള്ള സാധനസാമഗ്രികൾ താഴെനിന്ന് തലച്ചുമടായി മുകളിൽ എത്തിച്ചാണ് അതിന്റെ പണി നടത്തികൊണ്ടിരുന്നത്. ഏകദേശം പണി തീരാറായപ്പോൾ ആ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് തീ പിടുത്തം ഉണ്ടായി. സന്ന്യാസിമാർ പരിഭ്രാന്തരായി. വിയർപ്പൊഴുക്കി പണിത കെട്ടിടം ഏതാനും നിമിഷങ്ങൾക്കകം കത്തി ചാമ്പലാകാൻ പോകുന്നു. അവർ തീ അണയ്ക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. കരച്ചിലും ബഹളവും കേട്ട് ബനഡിക്റ്റ് സ്ഥലത്ത് ഓടി എത്തി. എന്നാൽ അവർ പറഞ്ഞ സ്ഥലത്ത് അഗ്നിബാധ കാണുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പിശാച് മായാജാലം കാണിച്ചതാണെന്ന് വിശുദ്ധന് മനസ്സിലായി. അവിടെത്തന്നെ മുട്ടുകുത്തി പ്രാർത്ഥിച്ചു. ഉടനെ എല്ലാവരും ശാന്തരായി. ആശ്രമ പണി പൂർത്തിയാകാതിരിക്കാൻ സാത്താൻ പ്രയോഗിച്ച ജാലവിദ്യയെ പ്രാർത്ഥനകൊണ്ട് വിശുദ്ധൻ നേരിട്ടു.

## വി. സ്കൊളാസ്റ്റിക്കാ

സ്കൊളാസ്റ്റിക്കയെ നിങ്ങൾക്ക് ഓർമ്മയുണ്ടോ? ബനഡിക്ടിന്റെ സഹോദരിയാണവൾ. അവളും ബനഡിക്ടിനെപോലെ വിശുദ്ധ ജീവിതം നയിച്ചവളാണ്. അവൾ ബനഡിക്ടൻ ആശ്രമത്തിനടുത്ത് ഏതാനും കന്യകകളോടൊരുമിച്ച് സുകൃതജീവിതം നയിച്ചുപോന്നു. ക്രിസ്തുവിനെ തന്റെ മണവാളനായി തിരഞ്ഞെടുത്തു. ഏതാനും സഖികളോടൊരുമിച്ച് ബനഡിക്ടൻ നിയമങ്ങൾ അനുസരിച്ച് വർഷങ്ങളോളം അവിടെ ജീവിച്ചു. നാളുകൾ കഴിഞ്ഞപ്പോൾ ബനഡിക്ട് ഇവരുടെ ആത്മീയനേതൃത്വം ഏറ്റെടുത്തു. അങ്ങനെ 'ബനഡിക്ടൻ കന്യാമഠങ്ങൾ' രൂപം കൊണ്ടു. അവരുടെ മഠാധിപയായി സ്ക്കൊളാസ്റ്റിക്കാ നിയമിതയായി. അവൾ ബനഡിക്ടൻ നിയമം അനുസരിച്ച് സഹോദരിമാരെ ചാരിത്രശുദ്ധിയിലും ദൈവസ്നേഹത്തിലും ദൈവസേവനത്തിലും വളർത്തി. ബനഡിക്ടിന്റെ മരണത്തിനു മുമ്പുതന്നെ എ.ഡി. 543 ഫെബ്രുവരി 7-ന് സ്കൊളാസ്റ്റിക്കാ ഇഹലോകവാസം വെടിഞ്ഞു. വർഷങ്ങൾക്കുശേഷം തിരുസഭ അവളെ വിശുദ്ധ പദവിയിലേക്ക് ഉയർത്തി.

## ബൈബിളും വിശുദ്ധ ബനഡിക്റ്റും

വിശുദ്ധ ബനഡിക്റ്റ് ബൈബിളിനു വലിയ പ്രാധാന്യം കൊടുത്തിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് ബൈബിൾ ശ്രവിക്കപ്പെടുന്ന ഒരു ഗ്രന്ഥം മാത്രമായിരുന്നു. കാരണം ആശ്രമങ്ങളിലും താപസഭവനങ്ങളിലും മാത്രമേ അന്ന് ബൈബിൾ ഉണ്ടായിരുന്നുള്ളു. അതിനാൽ ബലിയർപ്പണസമയത്ത് മാത്രമായിരുന്നു വചനം കേൾക്കാൻ സാധിച്ചിരുന്നത്. ബനഡിക്റ്റിനെ സംബന്ധിച്ച് ക്രിസ്തുവിന്റെ കല്പനകൾക്കനുസൃതമായ ജീവിതം നയിക്കുവാനുള്ള ഒരു സജീവശ്രമമായിരുന്നു കൂടെക്കൂടെയുള്ള വചനധ്യാനം. വചനത്തിൽ അടിസ്ഥാനമിട്ട ഒരു ആശ്രമശൈലിയാണ് അദ്ദേഹം രൂപപ്പെടുത്തിയെടുത്തത്. സുവിശേഷമാണ് 'നമ്മുടെ വഴികാട്ടി', 'ദൈവികനിയമം' എന്നൊക്കെ ഉത്ബോധിപ്പിച്ചിരുന്നു. തനിക്ക് ബൈബിളിനോടുണ്ടായിരുന്ന മനോഭാവം തന്റെ ശിഷ്യന്മാർക്കും ഉണ്ടാകണമെന്ന് ഈ പുണ്യപുരുഷ്യൻ ആഗ്രഹിച്ചു.

## വി. ബനഡിക്റ്റും ആംഗ്ലിക്കൻസഭയും

ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻസഭയും ബനഡിക്റ്റൻ ആശ്രമജീവിതവും തമ്മിൽ കാലാനുസൃതമായ ഒരു ബന്ധം നമുക്കു കാണാൻ കഴിയും മദ്ധ്യയുഗത്തിൽ ഇംഗ്ലണ്ടിൽ ബനഡിക്റ്റൻ സഭയുടെ സ്വാധീനം അത്രയ്ക്കും വലുതായിരുന്നു. ഇംഗ്ലണ്ടിലെ സഭ കാന്റർബറി ആർച്ചുബിഷപ്പിന്റെ നേതൃത്വത്തിലായിരുന്നു. എന്നാൽ പതിനാറാം ശതകത്തോടുകൂടി അവിടെയുണ്ടായ മതനവോത്ഥാനപ്രസ്ഥാനം റോമുമായുള്ള ബന്ധവും പോപ്പിന്റെ മേൽക്കോയ്മയും അവസാനിപ്പിച്ചു. റോമൻ കത്തോലിക്കാവിശ്വാസത്തിന്റെയും പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന്റെയും ഇടയ്ക്കുള്ള ഒരു പുതിയ ശൈലിയാണ് ഇവർ സ്വീകരിച്ചത്. 1662 ഓടെ അത് പൂർത്തിയായി. ഇതോടെ ബനഡിക്റ്റൻ താപസന്മാർ ആംഗ്ലിക്കൻ സഭയിലെ ഗണ്യമായ ഒരു പ്രചോദനമായി മാറി. ബനഡിക്റ്റൻ സന്യാസിന്മാർ സർവ്വസാധാരണമായി ഉപയോഗിച്ചിരുന്ന സങ്കീർത്തനങ്ങൾ, സുവിശേഷവായനകൾ അനുദിന പ്രാർത്ഥനകൾ. തുടങ്ങിയവയെല്ലാം ആംഗ്ലിക്കൻ സഭയുടെ പ്രാർത്ഥനാനുഭവത്തിന് വളക്കൂറായി എന്നുതന്നെ പറയാം. അതുകൊണ്ടാണ് കാന്റർബറി ആർച്ചുബിഷപ്പായ റോബർട്ട് കാന്റ്വർ ബനഡിക്റ്റൻ നിയമ സംഹിതയെ സ്തുതിക്കുന്നത. ് നൂറ്റാണ്ടുകൾ കടന്നുപോയെങ്കിലും രണ്ട് ഭിന്ന മതവിഭാഗങ്ങളിലെ തപോധനന്മാർക്ക് പൊതുവായ ഒരു ബന്ധത്തിന്റെ കണ്ണി കണ്ടെത്തുവാൻ കഴിയുന്നത്, വി. ബനഡിക്റ്റിലാണ്.

## ബനഡിക്റ്റൻചൈതന്യത്തിന്റെ മുഖമുദ്ര

വിശുദ്ധനായ ഗ്രിഗറി ഒന്നാമൻ മാർപ്പാപ്പയുടെ 'സംവാദങ്ങൾ' എന്ന ഗ്രന്ഥത്തിൽ നിന്നാണ് വിശുദ്ധ ബനഡിക്റ്റിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ നമുക്ക് ലഭിച്ചിട്ടുള്ളത. ് ഈ പുസ്തകത്തിൽ വിശുദ്ധ ഗ്രിഗറി ബനഡിക്റ്റിന്റെ ജീവിതത്തെ പ്രതിപാദിക്കുന്നത് ഒരു താപസന്റെ ദൈവാന്വേഷണമായിട്ടാണ്. വിശുദ്ധ ഗ്രിഗറി, ബനഡിക്റ്റിനെപ്പറ്റി ഇപ്രകാരം എഴുതി "ആരെങ്കിലും ഈ ദൈവികമനുഷ്യന്റെ യഥാർത്ഥ ചിത്രമറിയാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അദ്ദേഹം എഴുതിയ നിയമസംഹിത വായിച്ചു നോക്കട്ടെ. കാരണം ഈ പുണ്യാത്മാവിന് ആരെയും ഒന്നും പഠിപ്പിക്കാനില്ല; സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തന്നതൊഴികെ"! അദ്ദേഹം നിയമസംഹിതയിൽകൂടി തന്റെ വ്യക്തിത്വം വെളിപ്പെടുത്തുന്നു. അക്കാലത്തെ ആശ്രമരീതിയിൽനിന്ന് ഉലോം വ്യത്യസ്തമായിരുന്നു ബനഡിക്റ്റിന്റെ ആശ്രമശൈലി. കാരണം ഇത് തന്റെ ജീവിതാനുഭവത്തിൽനിന്ന് ഉരുതിരിഞ്ഞതായിരുന്നു. പിൽക്കാലത്ത് പൊട്ടിമുളച്ച സന്യാസസഭകൾക്കെല്ലാം ഈ നിയമസംഹിത മാർഗ്ഗദീപമായി മാറി. ആയിരത്തഞ്ഞൂറ് സംവത്സരങ്ങൾ പിന്നിട്ടിട്ടും അതിന്റെ ഓജസ്സ് നഷ്ടപ്പെട്ടിട്ടില്ല. പതിനഞ്ച് നൂറ്റാണ്ടുകളായി ലക്ഷോപലക്ഷം സ്ത്രീപുരുഷന്മാർ ബനഡിക്റ്റൻ ശൈലിയിലുള്ള ആശ്രമജീവിതം നയിച്ചുപോരുന്നു. നമ്മുടെ കാലഘട്ടത്തിലും അത് തുടരുന്നു. ഏഴാം നൂറ്റാണ്ടിനുശേഷം യൂറോപ്പിലേക്ക് ക്രിസ്തുമതം എത്തിക്കാൻ ബനഡിക്റ്റൻ സഭ വഹിച്ച പങ്ക് നിസ്തുലമാണ്. 'എല്ലാറ്റിലും ദൈവം മഹത്വപ്പെടട്ടെ' എന്നതായിരുന്നു ബനഡിക്റ്റൻ ചൈതന്യത്തിന്റെ മുഖമുദ്ര

## മരണശാസനം

നല്ല ഒരു പടയാളിയെപോലെ ബനഡിക്റ്റ് മുന്നേറി. ക്രിസ്തുവിന്റെ ഇഷ്ടംമാത്രം നിറവേറ്റി. സ്വന്തമായി ഒന്നും കരുതിവച്ചില്ല. ഈ ലോകത്തിലെ തന്റെ ദൗത്യം പൂർത്തിയായി. എ.ഡി. 547 മാർച്ചിൽ അദ്ദേഹം ശിഷ്യഗണത്തെയെല്ലാം ഒരുമിച്ചുകൂട്ടി. താൻ അടുത്ത മാർച്ച് മാസം ഇഹലോകവാസം വെടിഞ്ഞ് പിതാവിന്റെ അടുക്കലേക്ക് പോവുകയാണെന്ന് അിറയിച്ചു. മരിക്കുന്നതിന് 6 ദിവസം മുമ്പുതന്നെ തനിക്കുള്ള ശവകുടീരം തുറക്കാൻ ബനഡിക്റ്റ് ആജ്ഞാപിച്ചു. താമസിയാതെ ശക്തമായ പനി

അദ്ദേഹത്തെ പിടികൂടി. തങ്ങളുടെ ഗുരുവിന്റെ പ്രവചനം മാറാൻ ഇടയില്ലെന്ന് ശിഷ്യസമൂഹത്തിന് അറിയാമായിരുന്നു. ജനം മൊന്തേകസ്സിനോയിലേക്ക് ഒഴുകി. ശിഷ്യഗണം അനുഗ്രഹത്തിനായി മുട്ടുകുത്തി. "സന്ന്യാസികൾ അവരുടെ അനുഷ്ഠാനങ്ങളും ക്രമങ്ങളും നിറവേറ്റുന്നവെങ്കിൽ ദൈവം അവരെ ആശീർവദിക്കും" എന്ന മരണശാസനം സഹപ്രവർത്തകർക്കായി നൽകി. ക്രിസ്തുവർഷം 547 മാർച്ച് 21-ബനഡിക്റ്റിനു പനി ശക്തമായി, എഴുന്നേൽക്കാൻ പറ്റാത്ത അവസ്ഥ. എങ്കിലും പരിശുദ്ധ കുർബാന സ്വീകരിക്കുന്നതിന് അദ്ദേഹം താൽപര്യം പ്രകടിപ്പിച്ചു. ശിഷ്യഗണം അദ്ദേഹത്തെ ദേവാലയത്തിലേക്ക് കൊണ്ടുപോയി. പള്ളിയിലിരുന്ന് ദിവ്യകാരുണ്യം സ്വീകരിച്ചു. അല്പസമയം കണ്ണുകൾ അടച്ച് ധ്യാനനിമഗ്നനായി. തുടർന്ന് കണ്ണുകൾ മെല്ലെ ഉയർത്തി സ്വർഗ്ഗത്തിലേയ്ക്ക് നോക്കി, ഇരു കൈകളും നാഥന്റെ പക്കലേയ്ക്ക് അല്പം ഉയർന്നു. താൻ ഉപദേശിച്ച കാര്യങ്ങളെല്ലാം ജീവിതത്തിൽ കാണിച്ചുകൊടുത്തതിനുശേഷം, കർത്താവ് പള്ളികൊള്ളുന്ന സക്രാരിയുടെ മുന്നിൽവച്ചുതന്നെ അദ്ദേഹം മൃദ്ര പ്രാപിച്ചു.

## സന്ന്യാസിമാർ കണ്ട ദർശനം

വി. ബനഡിക്റ്റിന്റെ മരണസമയത്ത് വളരെ വിദൂരതയിൽ ഒരു ആശ്രമത്തിൽ താമസിക്കുകയായിരുന്ന രണ്ടു ബനഡിക്റ്റൻ സന്യസിന്മാർക്ക് ഒരു ദർശനമുണ്ടായി, ആകാശത്തുനിന്ന് ഒരു വലിയ ദിവ്യപ്രകാശം ബനഡിക്റ്റ് മരിച്ചുകിടക്കുന്ന മുറിയിലേക്ക് വന്നു. ഈ കാഴ്ച അതിശയത്തോടെ നോക്കിക്കൊണ്ടിരുന്ന സന്യാസിമാരുടെ അടുത്ത് ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു. ഈ ദൂതൻ ഈ ദർശനത്തിന്റെ സാരം വ്യാഖ്യാനിച്ചു. ദൂതൻ പറഞ്ഞു; "ദൈവസ്നേഹിയായ ബനഡിക്റ്റ് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത വഴിയാണിത്". ആ പുണ്യാത്മാവ് തമ്പുരാന്റെ അടുക്കലെത്തി. അങ്ങനെ വി. ബനഡിക്റ്റ് അനേകർക്ക് മദ്ധ്യസ്ഥനായി.

## കബറടക്കം

വിശുദ്ധ യോഹന്നാന്റെ കപ്പേളയിലാണ് ബനഡിക്റ്റിന്റെ സഹോദരിയായ വി. സ്കൊളാസ്റ്റിക്കയെ സംസ്ക്കരിച്ചത്. ഈ കുഴിമാടത്തോട് ചേർന്ന് വിശുദ്ധനെയും കബറടക്കി. രണ്ടുപേരെയും ഒരു കുഴിയിലാണ് സംസ്ക്കരിച്ചത് എന്ന ഒരു പാരമ്പര്യവും നിലവിലുണ്ട്. വിശുദ്ധന്റെ മരണശേഷം ഏകദേശം നാല്പത് വർഷം കഴിഞ്ഞപ്പോൾ ലൊംബാർഡുകൾ ഈ ആശ്രമം നശിപ്പിച്ചു. തുടർന്ന് 725 വരെ അത് പരിത്യക്താവസ്ഥയിൽ കിടന്നു. ഏഴാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ ഈ രണ്ടുവിശുദ്ധരുടെയും ശവകുടീരം അവിടെത്തന്നെ സ്ഥിതി ചെയ്തിരുന്നതായി കണക്കാക്കപ്പെടുന്നു. പിന്നീട് ബനഡിക്റ്റിന്റെ ഭതികാവശിഷ്ടങ്ങൾ ഫ്രാൻസിലെ സെന്റ് ബെനോയ്റ്റ് സർലോയർ കൊവേന്തയിലേക്ക് മാറ്റി. ഇന്നും ഈ പൂജ്യാവശിഷ്ടങ്ങൾ പ്രസ്തുത ആശ്രമത്തിൽ സ്ഥിതിചെയ്യുന്നു.

## താപസവൃത്തിയുടെ വഴികാട്ടി

സന്ന്യാസം എന്നാൽ കുറച്ച് തപശ്ചര്യകൾ മാത്രമാണ് എന്ന് കരുതിയ കാലത്ത് സന്യാസത്തിന് യഥാർത്ഥനിറം കാണിച്ചുകൊടുത്ത വിശുദ്ധനാണ് ബനഡിക്റ്റ്. 'പ്രാർത്ഥിക്കുക, അദ്ധ്വാനിക്കുക' എന്നതായിരുന്ന അദ്ദേഹത്തിന്റെ മുദ്രാവാക്യം താപസവൃത്തിയുടെ വഴികാട്ടിയായി അദ്ദേഹത്തെ കരുതുന്നു. മരണാസന്നരുടെ മദ്ധ്യസ്ഥൻ, നന്മരണമദ്ധ്യസ്ഥൻ, വിനയശീലത്തിന്റെ വേദപരാംഗതൻ, പാശ്ചാത്യസന്യാസത്തിന്റെ പിതാവ്, ആശ്രമജീവിതത്തിന്റെ പിതാവ്, ഗുഹാപര്യവേഷകരുടെ മദ്ധ്യസ്ഥൻ.എന്നീ പേരുകളിലെല്ലാം അദ്ദേഹം അറിയപ്പെടുന്നു. മോന്തെ കസ്സിനോയിൽ ബനഡിക്റ്റൻ ആശ്രമം സ്ഥാപിച്ചതോടുകൂടി ആ സഭയും വിശുദ്ധനും ലോകത്തിന്റെ കണ്ണുകളിൽ നിന്ന് മറഞ്ഞു നിൽക്കുവാനായില്ല. 5700-ൽ പരം വിശുദ്ധരെയും 28 മാർപാപ്പമാരെയും 200 കർദ്ദിനാൾമാരെയും 5600 മെത്രാന്മാരെയും 15000 എഴുത്തുകാരെയും ലോകത്തിന് കാഴ്ചവെച്ച യൂറോപ്യൻ സംസ്കാരത്തിന്റെയും പാശ്ചാത്യസന്യാസത്തിന്റെയും മൂലക്കല്ലായ ബനഡിക്റ്റൻ സഭയ്ക്ക് എങ്ങനെ മറഞ്ഞിരിക്കാനാവും. (കടപ്പാട് വി. ബനഡിക്റ്റ്- കെ.പി. വർക്കി കുന്നേൽ പേജ് 40). നൂറ്റാണ്ടുകൾ കഴിഞ്ഞു, 1220-ൽ ഹൊണോറിയസ് മൂന്നാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്ക് ഉയർത്തി. തുടർന്ന് യൂറോപ്പിന്റെ മുഴുവൻ സംരക്ഷകനായി 1964-ൽ പോൾ 6-ാമൻ മാർപാപ്പ വി. ബനഡിക്റ്റിനെ പ്രഖ്യാപിച്ചു. വി. ബനഡിക്റ്റിന്റെ പൂജ്യാവശിഷ്ടം സെന്റ് ബെനോയ്റ്റ് സർ ലോയർ കൊവേന്തയിൽ സൂക്ഷിച്ചിരിക്കുന്നു.

വിശുദ്ധ ബനഡിക്റ്റ്, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...